GOVT. OF KERALA
DEPARTMENT OF TECHNICAL EDUCATION
GOVT.POLYTECHNICCOLLEGE, KOTTAYAM
**NATTAKOM P. O, KOTTAYAM PIN – 686 013**
**Ph : 0481- 2361884, 2361100**
**Email:kottayampolyemail@yahoo.com**

---

C1/2997/24/GPC-NTK 22-10-2024

ഡിപ്ലോമ പ്രവേശനം 2024 -25

സ്പോട്ട് അഡ്മിഷൻ

2024 -25 അദ്ധ്യയന വർഷത്തേയ്ക്കുള്ള ഡിപ്ലോമ പ്രവേശനവുമായി ബന്ധപ്പെട്ട് കോട്ടയം ഗവ.പോളിടെക്നിക് കോളേജിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ 2024 ഒക്ടോബർ മാസം 23 ആം തിയതി ചൊവ്വാഴ്ച 09.30 മുതൽ 03.30 വരെ കോട്ടയം ഗവ.പോളിടെക്നിക് കോളേജിൽ നടത്തപ്പെടുന്നു. 2024-25 അദ്ധ്യയന വർഷത്തേയ്ക്കുള്ള ഡിപ്ലോമ പ്രവേശന റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഇതുവരെ അപേക്ഷ സമർപ്പിക്കാത്തവർക്കും പങ്കെടുക്കാവുന്നതാണ്. ഇതുവരെ അപേക്ഷ സമർപ്പിക്കാത്തവർക്ക് www.polyadmission.org എന്ന വെബ്സൈറ്റ് മുഖേനയോ കോളേജിൽ പ്രവർത്തിക്കുന്ന ഹെല്പ് ഡെസ്ക് മുഖേനയോ അപേക്ഷിക്കാവുന്നതാണ്.
അപേക്ഷ സമർപ്പിക്കാത്തവർക്ക് അന്നേ ദിവസം 09.00 am -09.30 am വരെ ഹെല്പ് ഡെസ്ക് മുഖേന അപേക്ഷ സമർപ്പിക്കുവാൻ അവസരം ഉണ്ടായിരിക്കുന്നതാണ് .

- പ്രവേശനത്തിന് ഹാജരാകുന്നവർ അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതും പ്രോസ്പെക്ടസ് പ്രകാരമുള്ള ഫീസ് ഒടുക്കേണ്ടതുമാണ് .
- അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ വാർഷിക വരുമാനം ഒരു ലക്ഷം രൂപ വരെയുള്ളവർ ₹1000/- രൂപയും മറ്റുള്ളവർ ₹4105/- രൂപയും Debit/Credit കാർഡ് അല്ലെങ്കിൽ QR കോഡ് വഴി ഒടുക്കേണ്ടതാണ്.
- PTA ഫണ്ടും,യൂണിഫോം ഫീസും പണമായി നൽകേണ്ടതാണ്.
- അഡ്മിഷന് വിദ്യാർഥിയോടൊപ്പം രക്ഷിതാവും ഹാജരാകേണ്ടതാണ്.

മറ്റേതെങ്കിലും സർക്കാർ/ എയ്ഡഡ് പോളിടെക്നിക്ക് കോളേജിൽ അഡ്മിഷൻ നേടിയിട്ടുണ്ടെങ്കിൽ അഡ്മിഷൻ സ്ലിപ്, ഫീസ് അടച്ചതിന്റെ രസീത് എന്നിവ ഹാജരാക്കേണ്ടതാണ്. സ്വാശ്രയ പോളിടെക്നിക് കോളേജുകളിൽ പ്രവേശനം നേടിയവർ ഈ സ്ഥാപനത്തിൽ പ്രവേശനം നേടുന്ന പക്ഷം ഫീസ് ഒടുക്കേണ്ടതാണ്.
കൂടുതൽ വിവരങ്ങൾക്കും വേക്കൻസി പൊസിഷനും www.polyadmission.org എന്ന വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്.

ആവശ്യമായ രേഖകൾ

1. SSLC ഒറിജിനൽ സർട്ടിഫിക്കറ്റ്
2. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (TC)
3. സ്വഭാവ സർട്ടിഫിക്കറ്റ്
4. ജാതി, വരുമാനം എന്നിവയുടെ ഒറിജിനൽ സർട്ടിഫിക്കറ്റ്

5. പ്രത്യേക ക്വാട്ടയോ റിസർവേഷനോ ഉണ്ടെങ്കിൽ അത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
6. ആധാർ കാർഡിന്റെ പകർപ്പ്

പ്രിൻസിപ്പാൾ

PRINCIPAL
Govt. Polytechnic College
Kottayam - 686 013